# കേരള സംസ്ഥാന മനുഷ്യാവകാശകമ്മീഷൻ

ഹാജർ : ജസ്റ്റിസ് അലക്സാണ്ടർ തോമസ്
ബഹു.ചെയർപേഴ്സൺ

**എച്ച്.ആർ.എം.പി. നംബർ : 8304 /11/12/2024/ TVM**

പരാതികക്ഷി : രാജാമണി പി, ടി സി.43/1540,ബിന്ദു ഭവൻ
ജ്യോതിപുരം ലൈൻ,വലിയശാല തിരുവനന്തപുരം

എതിർകക്ഷികൾ

**ഉത്തരവ് തീയതി 06. 01. 2026**

മുതിർന്ന പൗരയായ പരാതികക്ഷിയെ 20.10.2024 തീയതി വേണുഗോപാൽ, മുരുകൻ എന്നിവർ ചേർന്ന് അസഭ്യം പറയുകയും ദേഹോപദ്രവം ഏൽപ്പിക്കാൻ ശ്രമിക്കുകയും ചെയ്ത സംഭവത്തിൽ താൻ തമ്പാനൂർ പോലീസ് സ്റ്റേഷനിൽ പരാതി കൊടുക്കുകയും 26.10.2024 തീയതി കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതായും, എന്നാൽ ഒരാഴ്ചയ്ക്കുശേഷം വേണുഗോപാൽ തനിക്കും തന്റെ ചെറുമകൾക്കും എതിരെ കളവായി നൽകിയ പരാതിയിൽ തമ്പാനൂർ പോലീസ് സ്റ്റേഷനിൽ നിന്നും തങ്ങളെ വിളിപ്പിക്കുകയും 01.11.2024 തീയതി 5 മണിക്ക് സ്റ്റേഷനിൽ ഹാജരായ തങ്ങളോട് ശ്രീരാഗ് എന്ന പോലീസ് ഓഫീസർ മോശമായി പെരുമാറുകയും ഭീഷണിപ്പെടുത്തുകയും ചെയ്തു എന്നും, മുതിർന്ന സ്ത്രീയായ തനിക്ക് പോലീസ് സ്റ്റേഷനിൽ നിന്നും നേരിടേണ്ടിവന്ന ബുദ്ധിമുട്ടുകൾക്ക് ഉത്തരവാദികളായ പോലീസ് ഉദ്യോഗസ്ഥന്മാർക്കെതിരെ നടപടി ഉണ്ടാകണമെന്നും മറ്റുമാണ് പരാതി വിഷയം.

2. പരാതി വിഷയത്തിൽ തമ്പാനൂർ പോലീസ് സ്റ്റേഷൻ ഹൗസ് ഓഫീസർ 27.11.2024 തീയതി റിപ്പോർട്ട് സമർപ്പിച്ചു. ടി പരാതിയിന്മേൽ അന്വേഷണം നടത്തിയതിൽ എതിർകക്ഷിയായ ശ്രീ വേണുഗോപാൽ ശ്രീമതി രാജാമണിയുടെ വീട്ടിൽ വാടകയ്ക്ക് താമസിച്ചിരുന്നതായും വാടക വീട് ഒഴിയുന്ന സമയം അഡ്വാൻസ് തുക തിരിച്ചേൽപ്പിച്ചില്ല എന്നും തുടർന്ന് വേണുഗോപാൽ 15.05.2024 തീയതി പരാതികക്ഷിക്കും മകനും എതിരെ തമ്പാനൂർ പോലീസ് സ്റ്റേഷനിൽ പരാതി നൽകിയിട്ടുള്ളതും ആയതിൻ പ്രകാരം ഇരുകക്ഷികളും പോലീസ് സ്റ്റേഷനിൽ ഹാജരാവുകയും ഒരാഴ്ചയ്ക്കകം പരാതികക്ഷി അഡ്വാൻസ് തുക തിരികെ നൽകാമെന്ന് പറഞ്ഞു സമ്മതിച്ച് പോയിട്ടുള്ളതാണെങ്കിലും നാളിതുവരെ അഡ്വാൻസ് തുക പരാതികക്ഷി എതിർകക്ഷിക്ക് തിരികെ നൽകിയിട്ടില്ലാത്തതിനാൽ വന്ന തർക്കമാണ് പരാതിക്ക് ഹേതു എന്ന് റിപ്പോർട്ടിൽ കാണുന്നു.

3 ടി തർക്കവുമായി ബന്ധപ്പെട്ട പരാതി നൽകാൻ തമ്പാനൂർ പോലീസ് സ്റ്റേഷനിൽ വന്ന പരാതികക്ഷിയോട് PRO വളരെ ബഹുമാനപുരസ്സരം കാര്യമന്വേഷിച്ച് പെറ്റീഷൻ അന്വേഷിക്കുന്ന പോലീസ് ഉദ്യോഗസ്ഥന്റെ അടുത്ത് എത്തിക്കുകയും ഇരിപ്പിടം നൽകി പരാതികക്ഷിയോട് കാര്യവിവരങ്ങൾ തിരക്കിയിട്ടുള്ളതും ആണെന്നും, ശ്രീമതി രാജാമണിക്ക് സീനിയർ സിറ്റിസൺ

ആണെന്നുള്ള എല്ലാ പരിഗണനയും തമ്പാനൂർ പോലീസ് സ്റ്റേഷനിൽ നിന്നും ലഭിച്ചിട്ടുണ്ടെന്നും പരാതികക്ഷി നിരന്തരം പോലീസ് സ്റ്റേഷനിൽ വന്ന് എതിർകക്ഷിയായ വേണുഗോപാലിനെതിരെ കേസെടുത്ത് ജയിലിൽ അടയ്ക്കണം എന്ന് പലതവണ പറഞ്ഞിട്ടുണ്ടെന്നും അത് ചെയ്യാത്തതിനുള്ള വിരോധമാണ് ഇപ്രകാരം പോലീസുകാർക്കെതിരെ കള്ള പരാതി സമർപ്പിച്ചതെന്നും റിപ്പോർട്ടിൽ കാണുന്നു.

4. പരാതി പരിഗണനയ്ക്കെടുത്ത 04.01.2026 തീയതി പരാതികക്ഷി ഹാജരായി.പരാതികക്ഷിക്ക് വേണ്ടി അഡ്വ.അനീഷ് രാജ് റിപ്പോർട്ടിൻ മേലുള്ള ആക്ഷേപം സമർപ്പിച്ചു. റിപ്പോർട്ടിൽ പറയുന്ന കാര്യങ്ങൾ വാസ്തവ വിരുദ്ധമാണെന്നും ഹർജികക്ഷി 20.10.2024 തീയതി നൽകിയ പരാതിയിൽ കേസ് രജിസ്റ്റർ ചെയ്തത് 26.10.2024 തീയതിയിൽ മാത്രമാണെന്നും എതിർകക്ഷികൾക്ക് അനുകൂലമായ നിലപാടാണ് പോലീസ് സ്വീകരിച്ചതെന്നും ആക്ഷേപത്തിൽ പറയുന്നു. കൂടാതെ പരാതികക്ഷിയോട് പോലീസ് സ്റ്റേഷനിൽ വച്ച് മോശമായി പെരുമാറിയതും ആയി ബന്ധപ്പെട്ട സംഭവത്തിൽ Police Complainant Authority യിൽ പരാതി നൽകിയിട്ടുണ്ടെന്നും ആയത് പരിഗണനയിൽ ആണെന്നും ഹാജരായ അഭിഭാഷകൻ കമ്മീഷനെ അറിയിച്ചു.

5. പരാതിയിലെ ആവലാതിക്ക് Police Complainant Authority യിൽ പരാതി നൽകിയ സാഹചര്യത്തിൽ മനുഷ്യാവകാശ സംരക്ഷണ നിയമം സെക്ഷൻ 36(1) പ്രകാരം ഈ കമ്മീഷന് തുടർനടപടികൾ സ്വീകരിക്കുവാൻ കഴിയുകയില്ല. പോലീസ് ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും ഉണ്ടായ മോശം പെരുമാറ്റത്തെ സംബന്ധിച്ചുള്ള ആരോപണങ്ങൾ Police Complainant Authority യിൽ തന്നെ ഉന്നയിക്കാവുന്നതാണ്.

6. പരാതികക്ഷി തമ്പാനൂർ പോലീസ് സ്റ്റേഷനിൽ നൽകിയ പരാതിയിൽ കാര്യക്ഷമമായ അന്വേഷണം ഉണ്ടാകുന്നില്ല എന്ന ആരോപണത്തെ സംബന്ധിച്ച പരാതി ഫോർട്ട് അസിസ്റ്റൻറ് പോലീസ് കമ്മീഷണർക്ക് നൽകുക. അപ്രകാരം പരാതി ലഭിച്ചാൽ പരാതികക്ഷിയെ നേരിൽ കേട്ട ശേഷം കേസിന്റെ അന്വേഷണം കാര്യക്ഷമമായും സത്യസന്ധമായും നടത്തുന്നതിന് ആവശ്യമായ തുടർനടപടികൾ അസിസ്റ്റൻറ് പോലീസ് കമ്മീഷണർ സ്വീകരിക്കേണ്ടതാണെന്ന നിർദ്ദേശത്തോട് കൂടി ഈ പരാതി തീർപ്പാക്കുന്നു.

ഉത്തരവിൻെറ പകർപ്പ് ഫോർട്ട് അസിസ്റ്റൻറ് പോലീസ് കമ്മീഷണർ, പരാതികക്ഷി എന്നിവർക്ക് അയച്ചുകൊടുക്കേണ്ടതാണ്.

ഒപ്പ്
ജസ്റ്റിസ് അലക്സാണ്ടർ തോമസ്
ചെയർപേഴ്സൺ

//ശരിപ്പകർപ്പ്//

രജിസ്ട്രാർ